**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3353** **08-10-2025 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ 2021 മുതൽ 2025 വരെ വിനോദസഞ്ചാര വകുപ്പ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | 2021 മുതൽ 2025 വരെയുള്ള കാലയളവിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി വടക്കാഞ്ചേരി മണ്ഡലത്തിലെ വാഴാനി ചിൽഡ്രൻസ് പാർക്കിൽ 40 ലക്ഷം രൂപയുടെ കളിയുപകരണങ്ങളും അനുബന്ധ പ്രവർത്തനങ്ങളും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തികൾ പൂർത്തിയാക്കിയിരുന്നു. കൂടാതെ 2023 ൽ വാഴാനി സംഗീത ജലധാര എന്ന പദ്ധതിക്ക് 5.99 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ 60% പ്രവർത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പൂമല എക്കോ ടൂറിസം വില്ലേജിന് 3.85 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 65% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിലങ്ങൻകുന്ന് സൗന്ദര്യവത്ക്കരണത്തിനായി രണ്ടു ഫേസുകളിലായി ഒരു കോടിയുടെയും 2 കോടി 45 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഡെസ്റ്റിനേഷൻ ചലഞ്ചിൽ ഉൾപ്പെടുത്തി കോലഴി റിവർ സൈഡ് പാർക്കിന് 91,70,000/- രൂപയും മിനി ഊട്ടിക്ക് 99,70,000/- രൂപയും അനുവദിച്ചിട്ടുണ്ട്. പാലങ്ങളുടെ അടിയിൽ പാർക്ക് സ്ഥാപിക്കുന്നതിനായി വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ മുളങ്കുന്നത്തുകാവിൽ 55,30,000/- രൂപയും അത്താണിയിൽ 70,60,000/-രൂപയും ചെമ്പിശ്ശേരിയിൽ 78,70,000/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | വടക്കാഞ്ചേരി മണ്ഡലത്തിൽ 2021 മുതൽ 2025 വരെ ബജറ്റിൽ ഉൾപ്പെടുത്തി വിനോദസഞ്ചാര വകുപ്പ് മുഖേന അനുവദിച്ച പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; | (ബി) | വടക്കാഞ്ചേരി മണ്ഡലത്തിൽ 2021 മുതൽ 2025 വരെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയായ വടക്കാഞ്ചേരി ടൂറിസം കോറിഡോർ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള ഒന്നരക്കോടി രൂപയുടെ പ്രൊപ്പോസലിന്മേൽ തുടർനടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (സി) | വടക്കാഞ്ചേരി മണ്ഡലത്തിൽ 2021 മുതൽ 2025 വരെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയായ വടക്കാഞ്ചേരി ടൂറിസം കോറിഡോർ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള ഒന്നരക്കോടി രൂപയുടെ പ്രൊപ്പോസലിന്മേൽ തുടർനടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ